ഭരണഭാഷ-മാതൃഭാഷ

അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്
തിരുവനന്തപുരം -695 001
ഫോൺ { ഓഫീസ് : 0471-2331458
ഫാക്സ് : 0471-2336042
ഇ-മെയിൽ : directorofprinting@gmail.com
dir.printing@kerala.gov.in

നമ്പർ. 5981/2020/ഇ 1/ഡിപി

തീയതി. 31.01.2022

## പരിപത്രം

വിഷയം:- അച്ചടി വകുപ്പ്, തിരുവനന്തപുരം - ജീവനക്കാര്യം - കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ - പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സർക്കാരിന്റെ 14/01/2022 ലെ സ.ഉ (സാധാ) 40/2022/DMD നമ്പർ ഉത്തരവ്.
2. സ.ഉ (സാധാ) നം.634/2021/ഡി.എം.ഡി തീയതി 15.09.2021.
3. സ.ഉ (സാധാ) നം.662/2021/ഡി.എം.ഡി തീയതി 28.09.2021.
4. ദുരന്തനിവാരണ (എ) വകുപ്പിന്റെ 20.01.2022 ലെ സ.ഉ (സാധാ) നം.68/2022/ ദു.നി.വ നമ്പർ ഉത്തരവ്.
5. ദുരന്തനിവാരണ (എ) വകുപ്പിന്റെ 22.01.2022 ലെ സ.ഉ (സാധാ) നം.70/2022/ ദു.നി.വ നമ്പർ ഉത്തരവ്.
6. ദുരന്തനിവാരണ (എ) വകുപ്പിന്റെ 22.01.2022 ലെ സ.ഉ (സാധാ) നം.77/2022/ ദു.നി.വ നമ്പർ ഉത്തരവ്.
7. ദുരന്തനിവാരണ (എ) വകുപ്പിന്റെ 24.01.2022 ലെ സ.ഉ (സാധാ) നം.81/2022/ ദു.നി.വ നമ്പർ ഉത്തരവ്.

സംസ്ഥാനത്ത് കോവിഡ് വ്യാപനം വർദ്ധിക്കുന്ന സാഹചര്യത്തിൽ കോവിഡ് 19 നിർവ്യാപന/പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സൂചനകൾ പ്രകാരം പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അച്ചടി വകുപ്പിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. അച്ചടി വകുപ്പിൻ കീഴിലുള്ള എല്ലാ ശാഖാകാര്യാലയങ്ങളിലും ജോലി ചെയ്യുന്ന ഗർഭിണികൾ, രണ്ട് വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുള്ള അമ്മമാർ, ക്യാൻസർ രോഗികൾ, തീവ്രരോഗബാധിതർ, ഓട്ടിസം/സെറിബ്രൽ പാൾസി മുതലായ മാനസികവും ശാരീരകവുംമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾ (ഒരാൾക്ക്) എന്നിവർക്ക് സർക്കാർ ഡോക്ടറുടെ (അലോപ്പതി) സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അതാത് ശാഖാകാര്യാലയ മേധാവികൾക്ക് വർക്ക് ഫ്രം ഹോം അനുവദിക്കാവുന്നതാണ്.

2. കോവിഡ് രോഗികളുമായുള്ള പ്രാഥമിക സമ്പർക്കത്തിൽ വരുന്ന ജീവനക്കാർക്ക് സൂചന (2), (3) പ്രകാരം അനുവദിച്ചിരുന്ന സ്പെഷ്യൽ കാഷ്വൽ ലീവ് ആനുകൂല്യം സൂചന (5) പ്രകാരം സർക്കാർ റദ്ദു ചെയ്തിട്ടുണ്ട്.

കോവിഡ് രോഗികളുമായുള്ള പ്രാഥമിക സമ്പർക്കത്തിൽ വരുന്ന ജീവനക്കാർ അക്കാര്യം ഓഫീസിൽ വെളിപ്പെടുത്തുകയും സ്വയം നിരീക്ഷണം നടത്തുകയും, സാമൂഹിക അകലം അടക്കമുള്ള എല്ലാ കോവിഡ് മാനദണ്ഡങ്ങളും കൃത്യമായി ഓഫീസിൽ പാലിക്കുകയും ഏതെങ്കിലും തരത്തിലുള്ള രോഗലക്ഷണം ഉണ്ടായാൽ ആരോഗ്യ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം നടപടി സ്വീകരിക്കേണ്ടതുമാണ്.

3. സർക്കാരിന്റെ പുതിയ നിർദ്ദേശം ലഭിക്കുന്നത് വരെ ഈ ക്രമീകരണം തുടരേണ്ടതാണ്.

അച്ചടി വകുപ്പ് ഡയറക്ടർ

പകർപ്പ് :- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ/ എല്ലാ ശാഖാ കാര്യാലയമേധാവികൾക്കും/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ സൂപ്രണ്ട്/ എല്ലാ സെക്ഷൻ മേധാവികൾ/സെക്യൂരിറ്റി ഓഫീസർ/ചീഫ് ടൈം കീപ്പർ/നോട്ടീസ്ബോർഡ്/ ഫയൽ/കരുതൽ ഫയൽ.

എസ്.കെ.